<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 188**</u> <u>**30-07-2021 - ൽ മറുപടിയ്ക്ക്**</u>

<u>**മത്സ്യബന്ധന ബോട്ടുകൾക്ക് ഇന്ധന സബ്സിഡി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ്** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യബന്ധന ബോട്ടുകൾക്ക് ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ, സി. എൻ. ജി., എൽ. എൻ. ജി. തുടങ്ങിയ ഇന്ധനങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുവാൻ മുൻകൈയെടുക്കുമോ; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | സി എൻ ജി , എൽ എൻ ജി ഇന്ധനം ഉപയോഗിച്ച് പ്രവർത്തിക്കുന്ന എൻജിനുകൾ സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിൽ നിലവിൽ ഉപയോഗിച്ചു വരുന്നില്ല. ഡീസൽ ഉപയോഗിച്ചു പ്രവർത്തിക്കുന്ന യന്ത്രവത്കൃത യാനങ്ങൾക്ക് കേന്ദ്ര സർക്കാർ സഹായത്താൽ ഡീസൽ സബ്സിഡി അനുവദിച്ചിരുന്നെങ്കിലും തുടർന്ന് കേന്ദ്രസർക്കാർ സബ്സിഡി ബി.പി.എൽ വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയതിനാൽ കേരളത്തിലെ യാന ഉടമകൾക്ക് സബ്സിഡി ആനുകൂല്യം ലഭിക്കുന്നില്ല. |
| (ബി) | മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ എന്നിവയ്ക്ക് ഈടാക്കുന്ന റോഡ് സെസ് ഒഴിവാക്കുവാനും ഉല്പാദനച്ചെലവിന് അനുസൃതമായി മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ നൽകുവാനും സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുവാനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; | (ബി) | റോഡ് സെസ്സ് ഒഴിവാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണയിൽ ഇല്ല. കുറഞ്ഞ നിരക്കിൽ ആവശ്യത്തിന് മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്കു ലഭ്യമാക്കു ന്നത് സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്ര പെട്രോളിയം മന്ത്രിയുമായി ചർച്ച നടത്തുകയും മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തു. അതനുസരിച്ച് 2018 മുതൽ ഫിഷറീസ് ആവശ്യങ്ങൾക്ക് ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കുള്ള Non subsidized PDS മണ്ണെണ്ണ സംസ്ഥാനത്ത് കൂടുതലായി ലഭ്യമാകുന്നുണ്ട്. സിവിൽ സപ്ലൈസ് മുഖേനയാണ് ടി മണ്ണെണ്ണ വിതരണം ചെയ്തു വരുന്നത്. എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ലിറ്ററിന് 45 രൂപ നിരക്കിലാണ് നിലവിൽ നോൺ സബ്സിഡി പി.ഡി.എസ് മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്കു നൽകി വരുന്നത്. 10 hp വരെ 129 ലിറ്റർ 10 ന് മുകളിൽ 15 hp വരെ 136 ലിറ്റർ 15 Hp യ്ക്ക് മുകളിൽ 180 ലിറ്റർ കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ ആവശ്യാനുസരണം മത്സ്യഫെഡ് മുഖേന മണ്ണെണ്ണ ലഭ്യമാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | അംഗീകൃത മണ്ണെണ്ണ മൊത്ത വിതരണക്കാരുമായും ഓയിൽ കമ്പനികളുമായും ചർച്ച നടത്തി വരുന്നു. |
| (സി) | മത്സ്യബന്ധന ബോട്ടുകൾക്ക് സംസ്ഥാന സർക്കാർ മണ്ണെണ്ണ സബ്സിഡി നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | അർഹരായ മത്സ്യത്തൊഴിലാളി കൾക്ക് എൻജിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ മത്സ്യഫെഡ് മുഖേന നൽകി വരുന്നുണ്ട്. സബ്സിഡി തുക ഡി. ബി. റ്റി ആയി ഗുണഭോക്താവിന് നൽകി വരുന്നു. 10 hp വരെ 140 ലിറ്റർ 10 ന് മുകളിൽ 15 hp വരെ 150 ലിറ്റർ 15 Hp യ്ക്ക് മുകളിൽ 190 ലിറ്റർ 2021-22 വർഷ ബഡ്ജറ്റിൽ 56.25 കോടി രൂപ മണ്ണെണ്ണ സബ്സിഡിക്കായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ